**ശ്രദ്ധക്ഷണിക്കൽ**

ബൈപ്പാസ് നിർമ്മാണം.

ശ്രീ. എ. എൻ. ഷംസീർ: സർ, തലശ്ശേരി-മാഹി ബൈപ്പാസ് കഴിഞ്ഞ 40 വർഷമായി മുടങ്ങിക്കിടന്നിരുന്ന ഒരു പ്രോജക്ടാണ്. 2016-ൽ അധികാരത്തിൽവന്ന പിണറായി വിജയൻ സർക്കാരിന്റെ കാലത്താണ് ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി പൊന്നുംവില നൽകി അത് വാങ്ങിച്ചത്. ഇതിന്റെ പരിധി കേരളത്തിൽ തലശ്ശേരി മുനിസിപ്പാലിറ്റിയും പോണ്ടിച്ചേരിയുടെ ഭാഗമായ മാഹി മുനിസിപ്പാലിറ്റിയും മുഴപ്പിലങ്ങാട്, ധർമ്മടം, എരഞ്ഞോളി, ചൊക്ലി, ന്യൂമാഹി, അഴിയൂർ തുടങ്ങിയ ആറ് പഞ്ചായത്തുകളുമാണ്. ഏതാണ്ട് 19 കി.മീ. ദൈർഘ്യത്തിൽ 900 കോടി രൂപ മുതൽമുടക്കുള്ള എൻ.എച്ച്.എ.ഐ.-യുടെ പദ്ധതിയാണിത്. ഇ.കെ.കെ. എന്ന ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പേഴ്സാണ് ഇതിന്റെ പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നത്. ഇതിന്റെ പ്രവൃത്തി ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് നിർവ്വഹിച്ചത്. എരഞ്ഞോളിയിൽ വച്ച് ജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിലാണ് പ്രവൃത്തി ഉദ്ഘാടനം നടന്നത്. (.......ബഹളം.....)ഇതിന്റെ പ്രവൃത്തി ഇപ്പോൾ പുരോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്. ഏതാണ്ട് 40% പ്രവൃത്തി

പൂർത്തിയായപ്പോഴാണ് രണ്ട് പ്രളയങ്ങൾ വന്നത്. അതിന്റെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങളുടെ വേഗത വളരെയധികം കുറഞ്ഞിരിക്കുകയാണ്. ഇരുപതോളം വി.യു.പി. (വെഹിക്കുലാർ അണ്ടർപ്പാസ്)-കളും അതുപോലെതന്നെ പാലവുമുണ്ട്. ഇതിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കാൻ കഴിഞ്ഞാൽ അത് ഈ സർക്കാരിന്റെ ഭരണ നേട്ടമായിരിക്കും. അതിനാൽ ഇതിന്റെ പ്രവർത്തനം എത്രയും വേഗം പൂർത്തിയാക്കാൻ എൻ.എച്ച്.എ.ഐ.-യോട് നിരന്തരം ഇടപെടാൻ സർക്കാർ തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. (............ബഹളം................) അതോടൊപ്പം, ഇതിന്റെ പ്രവൃത്തിയുടെ വേഗതകുറയാൻ കാരണമാകുന്നത് മണ്ണിന്റെയും പാറയുടെയും ലഭ്യതക്കുറവാണ്. ഈ പ്രവൃത്തിക്കായി ഏതാണ്ട് 6 ലക്ഷം ക്യൂബിക് മീറ്റർ മണ്ണ് ആവശ്യമുണ്ട്. മണ്ണ് പലപ്പോഴും ലഭ്യമാകാത്ത സാഹചര്യമാണുള്ളത്. അതുപോലെ പാറപൊട്ടിക്കാനുള്ള അനുവാദമില്ലാത്തതിനാൽ ക്വാറികൾ പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് കല്ല് ലഭിക്കാത്ത സാഹചര്യവുമുണ്ട്. അതോടൊപ്പം തന്നെ ചില സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കാൻ ഇപ്പോഴും തടസ്സമുണ്ട്. ഒന്നര സെന്റും ഒരു സെന്റും ഭൂമി ഇപ്പോഴും ഏറ്റെടുക്കാൻ ബാക്കിയുണ്ട്. അതുകൊണ്ട് ഭൂമി

ഏറ്റെടുക്കുന്ന പ്രവൃത്തിയും വളരെവേഗത്തിൽ പൂർത്തിയാക്കേണ്ടതുണ്ട്. അങ്ങനെ നമ്മുടെ സർക്കാരിന്റെ സ്വപ്ന പദ്ധതി വളരെ പെട്ടെന്നുതന്നെ പൂർത്തീകരിക്കാൻ സർക്കാർതലത്തിൽ ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്. യഥാർത്ഥത്തിൽ രണ്ട് പ്രളയങ്ങളാണ് ഇതിന്റെ വേഗത കുറച്ചത്. ഈ പ്രളയത്തിന്റെ ഭാഗമായി തലശ്ശേരി മുനിസിപ്പാലിറ്റിയിൽ ബാലം എന്നുപറയുന്ന ഭാഗത്ത് ബണ്ട് നികത്തിയതിന്റെ ഫലമായി അവിടെ വെള്ളപ്പൊക്കം ഉണ്ടായിരിക്കുകയാണ്. അതിനാൽ അവിടെ പാലത്തിന്റെ സ്പാൻ നീളം കൂട്ടണം. നീളം കൂട്ടിയാൽ വെള്ളം കയറുന്നത് ഒഴിവാക്കാൻ സാധിക്കും. അതോടൊപ്പം തലശ്ശേരി മുനിസിപ്പാലിറ്റിയിൽ തിരുവങ്ങാട്, കോടിയേരി വില്ലേജുകളിൽ ചില റോഡുകൾ പൂർണ്ണമായും ഇല്ലാതാകുകയാണ്. ഇതിന്റെ അടിയന്തര പ്രാധാന്യം കണക്കിലെടുത്ത് ഈ പറയുന്ന സ്ഥലങ്ങളിൽ ചുരുങ്ങിയപക്ഷം ഒരു എസ്.വി.യു.പി.-യോ അല്ലെങ്കിൽ ഒരു പെഡസ്ട്രിയൻ അണ്ടർ പാസ്സോ നിർമ്മിക്കാൻ സർക്കാർതലത്തിൽ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. എത്രയും പെട്ടെന്ന് തന്നെ തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാനും ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തി 2020-ൽ തന്നെ ഉദ്ഘാടനം ചെയ്യാനും

സർക്കാർതലത്തിൽ ഇടപെടലുണ്ടാകുന്നതിലേയ്ക്ക് ഞാൻ ശ്രദ്ധക്ഷണിക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, (....ബഹളം..) ദേശീയപാത-66-ൽ മുഴപ്പിലങ്ങാട് മുതൽ അഴിയൂർ വരെയുള്ള 18.6 കി.മീ. തലശ്ശേരി-മാഹി ബൈപ്പാസിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തരമാണ് നടത്തിവരുന്നത്. പണി പുരോഗമിച്ചുവരികയാണ്. (............ബഹളം...........) 883.9 കോടി രൂപ നിർമ്മാണ ചെലവ് വരുന്ന പദ്ധതി 2017 ഡിസംബർ 4-ന് ആരംഭിച്ചതാണ്. കേരളത്തിലെ മുൻനിര കരാറുകാരനാണ് ഈ പണിചെയ്യുന്നത്. നിർമ്മാണ കാലാവധി 30 മാസമാണ്. അതുപ്രകാരം 2020 മേയ് 31-ന് ഇത് പൂർത്തീകരിക്കേണ്ടതായിരുന്നു. പദ്ധതിയുടെ ഒന്നാം മൈൽസ്റ്റോണായ കരാർ ജോലിയുടെ 10% 2019 ഡിസംബർ 31-ന് കൈവരിച്ചിട്ടുണ്ട്. രണ്ടാം മൈൽസ്റ്റോണായ കരാർ ജോലിയുടെ 30% 2019 ഒക്ടോബർ 15- ന് കൈവരിച്ചിട്ടുണ്ട്. ഈ വർഷം ജൂൺ മുതൽ ഉണ്ടായിട്ടുള്ള ശക്തമായ മഴ പദ്ധതിയെ വലിയതരത്തിൽ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പാലങ്ങളുടെ നിർമ്മാണത്തിനുവേണ്ടി നദിയിൽ നിർമ്മിച്ചിരുന്ന താല്ക്കാലിക

നിർമ്മിതികളായ കോഫർ ഡാം വെള്ളപ്പൊക്കംമൂലം അഴിച്ചുമാറ്റേണ്ടി വന്നതും കരാറുകാരന് തൊഴിലാളികളെയും യന്ത്രസാമഗ്രികളെയും മഴമൂലം മാറ്റേണ്ടി വന്നതും പദ്ധതി വൈകുന്നതിന് കാരണമായിട്ടുണ്ട്. നിർമ്മാണ സാമഗ്രികളായ മണലിന്റെയും മെറ്റലിന്റെയും ദൗർലഭ്യവും നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. പദ്ധതിയിൽ അധികമായി 6 വെഹിക്കുലാർ അണ്ടർ പാസ്സും കാൽ നടക്കാർക്ക് ഒരു അണ്ടർ പാസ്സും ഒരു വെഹിക്കുലാർ ഓവർ പാസ്സും ഉൾപ്പെടുത്തിയത് 18.6 കി.മീ. ദൂരത്തിലുള്ള പദ്ധതിയുടെ പുരോഗതിക്ക് അധികതരമായ ജോലി വേണ്ടിവന്നിട്ടുണ്ട്. സർവ്വീസ് റോഡിനും മറ്റ് നിർമ്മാണത്തിനുമടക്കം വിവിധ ഭാഗങ്ങളിലായി 2.36 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിച്ചിട്ടുണ്ട്. ഷെഡ്യൂൾ പൂർത്തീകരിക്കുന്ന തീയതിയായ 2020 മേയ് 31-ന് പൂർത്തീകരിക്കാവുന്ന ലക്ഷ്യത്തിൽ കരാറുകാരൻ നവംബർ മാസം മുതൽ അധികമായി പണിക്കാരെയും കൂടാതെ മെഷിണറികളും വിന്യസിച്ചിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഭാഗമായ എല്ലാ മേജർ ബ്രിഡ്ജുകളുടെയും റെയിൽവേ പാലത്തിന്റെയും പണി നടപ്പിലാക്കിവരുന്നു. പദ്ധതി സമയത്ത് പൂർത്തീകരിക്കണമെന്നാവശ്യപ്പെട്ട് എൻ.എച്ച്.എ.ഐ.-യ്ക്കും കരാറുകാരനും സംസ്ഥാന സർക്കാർ നോട്ടീസ്

നൽകിയിട്ടുണ്ട്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, ഇതിന്റെ പ്രവർത്തന പുരോഗതി വിലയിരുത്താനും അവിടെ പ്രാദേശികമായി ഉയർന്നുവരുന്ന വിഷയങ്ങൾ ഉൾപ്പെടെ പരിഹരിക്കാനും പെഡസ്ട്രിയൻ അണ്ടർ പാസ്സുംമറ്റും നിർമ്മിക്കാനും സാധിക്കുമോ; ഇതിന്റെ പ്രവൃത്തി വിലയിരുത്താൻ എൻ.എച്ച്.എ.ഐ.-യെ ഉൾപ്പെടുത്തി ഒരു ഉന്നതതലയോഗം വിളിച്ചുചേർക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ; അവിടെ ജനകീയ പ്രശ്നങ്ങൾ ഉൾപ്പടെ ഉയർന്നവന്ന ഘട്ടത്തിൽ മണ്ണിന്റെയും കല്ലിന്റെയും ലഭ്യത ഉറപ്പുവരുത്താനും ഇത് പ്രവൃത്തി ഉദ്ഘാടനത്തിലേയ്ക്ക് എത്തിക്കാനും ഉന്നതതലയോഗം വിളിച്ചുകൂട്ടാൻ സാധിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, ഞാൻ അതുസംബന്ധിച്ച് പറഞ്ഞിരുന്നു. പദ്ധതിയിൽ അധികമായി 6 വെഹിക്കുലാർ അണ്ടർ പാസ്സും കാൽനടയാത്രക്കാർക്കുള്ള ഒരു അണ്ടർ പാസ്സും ഒരു വെഹിക്കുലാർ ഓവർ പാസ്സും പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്. ജോലി അത്രയുംകൂടി അധികമായി വരുന്നതുകൊണ്ടുള്ള താമസം ഉണ്ടായിട്ടുണ്ട്. സർക്കാർതലത്തിൽ ഉന്നതതലയോഗം വിളിക്കാം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ഈ പ്രതിഷേധം നടത്തുന്നത് എന്തിനാണെന്ന് എനിക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല. ദയവായി നിങ്ങൾ സീറ്റുകളിൽ പോകണം. സർക്കാരിനെതിരെയുള്ള പ്രതിഷേധ പ്രകടനങ്ങളും അഭിപ്രായ പ്രകടനങ്ങളുമൊക്കെ സഭയിൽ സ്വാഭാവികമാണ്. ഇത് പരിധി വിട്ടിരിക്കുന്നു. പ്ലീസ്... ഇത്രയും അന്തസ്സില്ലാത്ത സാഹചര്യം തുടരുന്ന പശ്ചാത്തലത്തിൽ താൽക്കാലികമായി സഭ നിർത്തിവയ്ക്കുകയാണ്. (....ബഹളം..)

(പ്രതിപക്ഷ ബഹളത്തെ തുടർന്ന് സഭ രാവിലെ 10.22-ന് നിർത്തിവച്ചു.)